പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4295 — 13.12. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക

ചോദ്യം

ഡോ.എൻ.ജയരാജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയുടേയും ആയതിന് മുകളിലുള്ള തസ്തികകളുടെയും അംഗീകരിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (എ) കമ്പ്യൂട്ടർ സാങ്കേതിക വിദ്യ അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി വൈദ്യുതി ബോർഡിലെ കാഷ്യർ അടക്കമുള്ള മിനിസ്റ്റീരിയൽ തസ്തികകളിൽ എത്ര ജീവനക്കാർ ആവശ്യമുണ്ട് എന്നതു സംബന്ധിച്ച് ഐ. ഐ. എം. കോഴിക്കോട് എന്ന സ്ഥാപനം പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം തസ്തികകളിലെ ജീവനക്കാരെ പുനർ വിന്യസിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ട് വിശദമായി പഠിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഫിനാൻസ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതിയെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ബോർഡ് പരിശോധിച്ച് ഉത്തരവാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ, സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ എന്നിങ്ങനെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളുടെയും അതിനുമുകളിലുള്ള തസ്തികകളുടെയും എണ്ണം തിട്ടപ്പെടുത്തി അംഗീകരിക്കപ്പെടുകയുള്ളൂ. |
| (ബി) മേൽപറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) മേൽ പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു. |

| | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 825 |
| 2 | സീനിയർ അസിസ്റ്റന്റ്/ സൂപ്രണ്ട് | 2509 |
| 3 | സീനിയർ സൂപ്രണ്ട് | 1129 |

| | | |
|---|---|---|
| | | |
| 4 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 55 |
| 5 | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 78 |
| 6 | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |

| | |
|---|---|
| (സി) 01.01.2011-മുതൽ 30.10.2018 വരെ എത്ര പേർക്ക് ബൈട്രാൻസ്ഫർ നിയമനം വഴി ജൂനിയർ അസിസ്റ്റൻറ് /ക്യാഷ്യർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയിട്ടുണ്ട് ; | (സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 01.01.2011 മുതൽ 30.10.2018 വരെ 103 പേർക്ക് ബൈട്രാൻസ്ഫർ നിയമനം വഴി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്. |
| (ഡി) 01.01.2011- മുതൽ 30.10.2018 വരെ എത്ര പേർക്ക് പി.എസ്.സി. വഴി ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലേക്ക് നിയമനം നൽകി ? | (ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 01.01.2011 മുതൽ 30.10.2018 വരെ 327 പേർക്ക് പി.എസ്.സി.വഴി ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ